പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി XI

**(2011-2013)**

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

**2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

2012 ജൂലൈ 25-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി XI

# (2011-2013)

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

**2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

1167/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി XI

## ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും

**(2011–2013)**

ഘടന

ചെയർമാൻ :

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണ വകുപ്പുമന്ത്രി

ശ്രീ. അടൂർ പ്രകാശ്,
റവന്യൂ വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി ഗീതാ ഗോപി

ഡോ. എൻ. ജയരാജ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ലൂഡി ലൂയിസ്

,, കെ. കെ. നാരായണൻ

,, ആർ. സെൽവരാജ്

,, ജി. സുധാകരൻ

,, വി. എം. ഉമ്മർ മാസ്റ്റർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

## അവതാരിക

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഭാഗം I-ൽ സമിതി പരിഗണിച്ച നടപടി സ്റ്റേറ്റ്മെന്റുകളും ബന്ധപ്പെട്ട ശുപാർശകളും ഭാഗം II-ൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ശുപാർശകളുടെ വിവരങ്ങളും സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ഉൾപ്പെടുത്തിയിരിക്കുന്നു.

ഈ റിപ്പോർട്ട് 2012 ജൂലൈ 23-ാം തീയതി ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**അനൂപ് ജേക്കബ്,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2012 ജൂലൈ 25.

# റിപ്പോർട്ട്

## ഭാഗം I

സബ്ജക്റ്റ് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും)-ന്റെ (2011-12)-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഉൾപ്പെടുത്തി സമർപ്പിച്ച മറുപടികളിൽ സമിതിയുടെ അംഗീകാരം ലഭിച്ചവ താഴെ ചേർത്തിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2408-01-101-98—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 13)

എല്ലാ കാർഡുടമകൾക്കും ചില നിബന്ധനകൾക്കു വിധേയമായി കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും, എല്ലാ ബി.പി.എൽ. കുടുംബങ്ങൾക്കും 2011 സെപ്റ്റംബർ മാസം മുതൽ കിലോഗ്രാമിന് 1 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും, റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുമുള്ള സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനുമായി ആകെ 450,00,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന് അധികമായി വേണ്ടി വരുന്ന 240.50 കോടി രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടികൾ

സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും ചില നിബന്ധനകൾക്കു വിധേയമായി കിലോഗ്രാമിന് 2 രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും എല്ലാ ബി.പി.എൽ./എ.എ.വൈ. കാർഡുടമകൾക്കും 2011 സെപ്റ്റംബർ മാസം മുതൽ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കിലോ ഭക്ഷ്യധാന്യം (അരി) വിതരണം നടത്തുന്നതിനുമായി 2011 ഒക്ടോബർ മാസത്തെ ഉപധനാഭ്യർത്ഥനയിലൂടെ 100 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

3456-00-001-96—പൊതുവിതരണ സമ്പ്രദായം സംബന്ധിച്ച പരിശീലന പരിപാടി

ശുപാർശ (ഖണ്ഡിക നമ്പർ 20)

സിവിൽ സപ്ലൈസ് വകുപ്പിൽ പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്നവർക്കും, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർക്ക് മുകളിലുള്ള ഉദ്യോഗസ്ഥർക്കും പൊതുവിതരണം, ധനവിനിയോഗം എന്നിവ സംബന്ധിച്ച വിഷയങ്ങളിൽ നടത്തിവരുന്ന പരിശീലനത്തിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

1167/2012.

<u>സ്വീകരിച്ച നടപടികൾ</u>

2011-2012 സാമ്പത്തിക വർഷം '3456-00-001-96-ട്രെയിനിംഗ് ഓഫ് പി.ഡി.എസ്.' ശീർഷകത്തിന്മേൽ ബഡ്ജറ്റ് വിഹിതമായി അഞ്ച് ലക്ഷം രൂപ കൂടി അനുവദിക്കണമെന്നായിരുന്നു വിഷയ നിർണ്ണയ സമിതിയുടെ ശുപാർശയും പരിശീലനത്തിന്റെ പ്രാധാന്യവും കണക്കിലെടുത്ത് 1 ലക്ഷം രൂപ കൂടി പ്രസ്തുത ശീർഷകത്തിലേക്ക് 22-3-2012-ലെ സ.ഉ.(സാധാ.) നമ്പർ 2445/12/ധന. മുഖേന റീഅപ്രോപ്രിയേഷൻ വഴി വകയിരുത്തുകയുണ്ടായി.

**ഭാഗം II**

സബ്ജക്റ്റ് കമ്മിറ്റി XI (ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും)-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മറുപടികൾ ലഭിച്ചിട്ടില്ലാത്ത ശുപാർശകൾ ചുവടെ ചേർത്തിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXVII—സഹകരണം

2425-00-107-93—<u>കാർഷികോൽപ്പാദനച്ചെലവ് സമാശ്വാസ പദ്ധതി</u>

<u>ശുപാർശ (ഖണ്ഡിക നമ്പർ 1)</u>

കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 5% പലിശയിളവ് നൽകുന്നതിനായി 2011-12 സാമ്പത്തിക വർഷത്തേക്ക് 10 കോടി രൂപ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുള്ളത് കൂടാതെ പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പയെടുക്കുന്ന കർഷകന് കൃത്യമായ വായ്പ തിരിച്ചടവിന് മുതൽ തുകയുടെ 5% ആനുകൂല്യം നൽകുന്ന <u>കാർഷികോൽപ്പാദന ചെലവ് സമാശ്വാസ പദ്ധതിയുടെ കുടിശ്ശിക തീർക്കുന്നതിനായി 50 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

2425-00-108-47—<u>പ്രൊഫഷണൽ എഡ്യൂക്കേഷനു വേണ്ടിയുള്ള സഹകരണ അക്കാദമിക്കുള്ള ധനസഹായം</u>

<u>ശുപാർശ (ഖണ്ഡിക നമ്പർ 2)</u>

സഹകരണ അക്കാദമിക്ക് സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥയനുസരിച്ച് അക്കാദമിക്ക് നൽകുവാനുള്ള 43.27 കോടി രൂപയിൽ 2010-11-ൽ 1.46 കോടി രൂപയും 2011-12-ൽ 1.75 കോടി രൂപയും മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. <u>ഈ ശീർഷകത്തിൽ 40.06 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

2425-00-108-80—ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

ശുപാർശ (ഖണ്ഡിക നമ്പർ 3)

കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ ഉത്സവചന്തകൾ നടത്തുന്നതിനായി 5 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഈയിനത്തിൽ ഫെഡറേഷന് 102 കോടി രൂപ കൂടി അനുവദിച്ച് നൽകേണ്ടതുണ്ട്. നിത്യോപയോഗ സാധനങ്ങൾക്ക് വിലയേറി നിൽക്കുന്ന സാഹചര്യത്തിൽ സാധാരണക്കാർക്ക് ആശ്വാസമായ ഉത്സവചന്തകളുടെ സുഗമമായ നടത്തിപ്പ് ഉറപ്പു വരുത്തുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 100 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-107-80—പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം

4425-00-107-89—പ്രാഥമിക കാർഷിക സംഘങ്ങൾക്ക് ഓഹരി മൂലധനം

6425-00-107-72—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം

ശുപാർശ (ഖണ്ഡിക നമ്പർ 4)

2011-12 വർഷത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയ്ക്കുള്ള ധനസഹായമായി അനുവദിച്ചിട്ടുള്ള 700 ലക്ഷം രൂപ ഓഹരി, സബ്സിഡി, വായ്പ എന്നീ ഇനങ്ങളിൽ സഹായം നൽകുന്നതിനു പുറമേ പ്രവർത്തനം മന്ദീഭവിച്ച പ്രാഥമിക വായ്പാസംഘങ്ങളെ പുനരുദ്ധരിക്കുന്ന പ്രവർത്തനത്തിനും കൂടി പര്യാപ്തമാവുകയില്ല. ആയതിനാൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി വായ്പ അനുവദിക്കുന്നതിനായി 'പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പുനരുദ്ധാരണം' എന്ന ഇനം കൂടി പദ്ധതി സംബന്ധിച്ച വിശദവിവരങ്ങളിൽ ഉൾപ്പെടുത്തുന്നതിനും 1500 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.

2425-00-108-61—ദുർബലവും എന്നാൽ പുരോഗമിക്കുവാൻ സാധ്യതയുമുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്

4425-00-108-51—ദുർബലവും എന്നാൽ അഭിവൃദ്ധിപ്പെടാൻ സാദ്ധ്യതയുമുള്ള സഹകരണ സംഘങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പാക്കേജ്

6425-00-108-29—ക്ഷയിച്ച സഹകരണ സംഘങ്ങളുടെ പുനരധിവാസത്തിന്

ശുപാർശ (ഖണ്ഡിക നമ്പർ 5)

ദുർബലവും പുരോഗമിക്കുവാൻ സാധ്യതയുള്ളതുമായ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമായി വകയിരുത്തിയിരിക്കുന്ന 150 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 150 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-800-98—വിനോദസഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം

4425-00-108-33—വിനോദസഞ്ചാര വികസനത്തിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള ഓഹരി മൂലധന വിഹിതം

ശുപാർശ (ഖണ്ഡിക നമ്പർ 6)

കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല രീതിയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങൾവഴി വിനോദസഞ്ചാരവികസനം ലക്ഷ്യമിടുന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 30 ലക്ഷം രൂപ തികച്ചും അപര്യാപ്തമായതിനാൽ 20 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-800-95—സഹകരണ റിസ്ക് ഫണ്ട് പദ്ധതി

ശുപാർശ (ഖണ്ഡിക നമ്പർ 7)

സഹകരണ റിസ്ക് ഫണ്ട് പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ശീർഷകം പുനഃസ്ഥാപിക്കേണ്ടതും ആ ശീർഷകത്തിൽ 5 കോടി രൂപ അനുവദിക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

ശുപാർശ (ഖണ്ഡിക നമ്പർ 8)

സഹകരണ വകുപ്പിന്റെ ആധുനികവല്ക്കരണത്തിനായി 15 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. സഹകരണ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളുടെ ആധുനികവല്ക്കരണം, സഹകരണ മേഖലയെക്കുറിച്ചുള്ള പ്രചരണത്തിനായുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ഈ തുക മതിയാകുകയില്ല. ആയതിനാൽ സഹകരണ വകുപ്പിന്റെ നവീകരണത്തിനായി 155 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 9)

സഹകരണ വകുപ്പിലെ പുതിയ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ അറിയുന്നതിനായി സഹകരണ പ്രസിദ്ധീകരണങ്ങൾ കേരളത്തിലെ എല്ലാ നിയമസഭാംഗങ്ങൾക്കും പാർലമെന്റംഗങ്ങൾക്കും അയച്ചുകൊടുക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനം

ശുപാർശ (ഖണ്ഡിക നമ്പർ 10)

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിയ വിവിധതരത്തിലുള്ള പരിശീലനത്തിന്റെയും പരിശീലന പരിപാടിയിൽ പങ്കെടുത്ത ഉദ്യോഗസ്ഥരുടെ പട്ടികയും ഉൾപ്പെടുത്തി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിച്ചു. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ വകുപ്പിലെ പരിശീലന പരിപാടികളിൽ നിർബന്ധമായും പങ്കെടുക്കണമെന്ന കർശന നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

2425-00-001-99—സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം

ശുപാർശ (ഖണ്ഡിക നമ്പർ 11)

സഹകരണ വകുപ്പിന് ആസ്ഥാനമന്ദിരം പണിയുന്നതിനായി ഹാന്റക്സിന്റെ വായ്പാ കുടിശ്ശികയ്ക്കുപകരമായി ഹാന്റക്സിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കുകയും പുതിയ ഹെഡ് ഓഫ് അക്കൗണ്ടിൽ 3500 ലക്ഷം രൂപ വകയിരുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**ലീഗൽ മെട്രോളജി വകുപ്പ്**

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-106-99-21(1)—വാഹനം വാങ്ങൽ

ശുപാർശ (ഖണ്ഡിക നമ്പർ 12)

ലീഗൽ മെട്രോളജി വകുപ്പിൽ വാഹനങ്ങൾ വാങ്ങുന്നതിനായി 1,000 രൂപയുടെ ഒരു ടോക്കൺ പ്രൊവിഷൻ മാത്രമേ വകയിരുത്തിയിട്ടുള്ളു. ഫീൽഡിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് വകുപ്പിലെ പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതുമൂലം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന് കൂടുതൽ വാഹനങ്ങൾ അനുവദിക്കുന്നതുവഴി പ്രവർത്തനം മെച്ചപ്പെടുത്താനും സർക്കാരിലേക്കുള്ള വരുമാനം ഉയർത്താനും കഴിയുമെന്നതിനാൽ 10 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 60 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXX—ഭക്ഷ്യം

2408-01-190-96—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ്

ശുപാർശ (ഖണ്ഡിക നമ്പർ 14)

അവശ്യവസ്തുക്കളുടെ വില നിയന്ത്രിച്ച് അവ വിതരണം ചെയ്യുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കുന്ന വിവിധ പരിപാടികൾമൂലം കോർപ്പറേഷനുണ്ടാകുന്ന നഷ്ടം നികത്തുന്നതിനായി വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 330.05 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 15)

സപ്ലൈകോയുടെ മെഡിക്കൽ ഷോപ്പുകൾ പലതും ആശുപത്രികളുടെ സമീപത്തല്ല പ്രവർത്തിക്കുന്നതെന്നും അവ ആശുപത്രികൾക്ക് സമീപമാണെങ്കിലേ രോഗികൾക്ക് പ്രയോജനപ്പെടുകയുള്ളൂവെന്നും സമിതി അഭിപ്രായപ്പെട്ടു. മരുന്നുകൾ

ഉല്പാദകരിൽ നിന്ന് നേരിട്ട് വാങ്ങി പരമാവധി വിലക്കുറവിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നൽകണമെന്നും, സപ്ലൈകോയുടെ 100 മെഡിക്കൽ ഷോപ്പുകൾ കൂടി ആശുപത്രികളുടെ പരിസരത്തുതന്നെ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-98—ഉപഭോക്തൃ ദിനാഘോഷം

ശുപാർശ (ഖണ്ഡിക നമ്പർ 16)

ദേശീയ ഉപഭോക്തൃ ദിനാഘോഷത്തോടനുബന്ധിച്ച് നടത്തുന്ന ബോധവൽക്കരണ പരിപാടികൾക്കും മറ്റുമായി വരുന്ന ചെലവുകൾക്കായി 1.5 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഉപഭോക്തൃ അവകാശ സംരക്ഷണ രംഗത്ത് മികച്ച പ്രവർത്തനം നടത്തുന്ന സംഘടനകൾക്കുള്ള അവാർഡ് തുക, ലോക ഭക്ഷ്യ ദിനാഘോഷങ്ങൾക്കുള്ള ചെലവ് തുടങ്ങിയവയ്ക്കെല്ലാമായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1,50,000 രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-94—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും

ശുപാർശ (ഖണ്ഡിക നമ്പർ 17)

അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വളരെ പാവപ്പെട്ട കുടുംബങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ്, വില്പന നികുതി മുതലായ ചെലവുകൾക്കായി 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അരി വിതരണം ചെയ്യുന്ന റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ ഇപ്പോൾ കുടിശ്ശികയാണ്. റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള തുകയിൽ കുടിശ്ശിക വരുത്തുന്നത് പൊതുവിതരണ സമ്പ്രദായത്തെതന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഈ ശീർഷകത്തിൽ 8.44 കോടി രൂപ കൂടി അധികമായി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ശുപാർശ (ഖണ്ഡിക നമ്പർ 18)

റേഷൻ കാർഡുകൾ കമ്പ്യൂട്ടറൈസ്ഡ് ഫോർമാറ്റിൽ പുതുക്കുന്നതിനുള്ള ആദ്യഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് കെൽട്രോണിനും രണ്ടാം ഘട്ടത്തിലെ പ്രവർത്തനങ്ങൾക്ക് സി.ഡിറ്റിനും കുടിശ്ശിക തുക നൽകാനുണ്ട്. ആയതിനാൽ അനുവദിച്ചിരിക്കുന്ന തുകയ്ക്ക് പുറമേ 107.98 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

3456-00-001-86—കമ്പ്യൂട്ടർവൽക്കരണവും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തലും നവീകരിക്കലും

ശുപാർശ (ഖണ്ഡിക നമ്പർ 19)

കമ്പ്യൂട്ടർവൽക്കരണത്തിനായി അനുവദിച്ചിട്ടുള്ള തുക സിവിൽ സപ്ലൈസ് വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ റേഷൻ കാർഡുകളുടെ വിതരണത്തിനായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനും സോഫ്റ്റ്വെയർ വികസനത്തിനായുള്ള പ്രോജക്ട് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് മതിയാവുകയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അധികമായി 62.5 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-91—കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്

ശുപാർശ (ഖണ്ഡിക നമ്പർ 21)

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ആരംഭിച്ചിട്ടുള്ള ഇൻഡിജിനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് കേരളത്തിലെ നാടൻ ഭക്ഷ്യ വസ്തുക്കളുടെ തനിമ നിലനിർത്തി അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാനുദ്ദേശിച്ചുള്ളതാണ്. ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറി, ഭക്ഷ്യ സംസ്ക്കരണ പരിശീലന കേന്ദ്രം, തദ്ദേശീയ ഭക്ഷ്യ സാങ്കേതിക കോളേജ്, ഭക്ഷ്യ പാർക്ക് എന്നീ സ്ഥാപനങ്ങളും ഭാഗമായുള്ള അന്താരാഷ്ട്ര നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചിട്ടുള്ള 110 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇൻഡിജിനസ് ഭക്ഷ്യ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുഗമമായ നടത്തിപ്പും വികസനവും ഉറപ്പുവരുത്തുന്നതിനായി 4 കോടി 85 ലക്ഷം രൂപ കൂടി അധികമായി വകയിരുത്താൻ സമിതി ശുപാർശ ചെയ്യുന്നു.

2408-01-800-86—അംഗീകൃത റീട്ടെയിൽ ഡിപ്പോകളുടെ നവീകരണം

ശുപാർശ (ഖണ്ഡിക നമ്പർ 22)

റേഷൻ കടകളിൽ സാധനങ്ങളുടെ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡുകൾ, റേഷൻ സാധനങ്ങൾ ദുരുപയോഗം ചെയ്യാതെ ശരിയായ രീതിയിൽ വിതരണം ചെയ്യുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ച് കടകൾ നവീകരിക്കുന്ന പദ്ധതിക്കായി വകയിരുത്തിയ തുകയ്ക്ക് (15 ലക്ഷം രൂപ) പുറമേ അധികമായി ചെലവുവരുന്ന 15 ലക്ഷം രൂപ കൂടി അനുവദിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

ശുപാർശ (ഖണ്ഡിക നമ്പർ 23)

സംസ്ഥാനത്ത് പല റേഷൻ കടകളും ജനങ്ങൾക്ക് എത്തിച്ചേരുവാൻ സൗകര്യ മുള്ള സ്ഥലങ്ങളിലല്ല പ്രവർത്തിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ സൗകര്യപ്രദമായ സ്ഥലങ്ങളിൽ റേഷൻ കടകൾ പ്രവർത്തിപ്പിക്കുവാൻവേണ്ട നിർദ്ദേശം നൽകുവാൻ സമിതി ശുപാർശ ചെയ്യുന്നു.

മാർക്കറ്റ്ഫെഡ്—പുനരധിവാസം

ശുപാർശ (ഖണ്ഡിക നമ്പർ 24)

മാർക്കറ്റ്ഫെഡിന്റെ റിഹാബിലിറ്റേഷന്റെ ഭാഗമായി മാർക്കറ്റ്ഫെഡിന്റെ കടബാദ്ധ്യതകൾ തീർപ്പാക്കാൻ 7-10-2003-ൽ അനുവദിച്ച 1969.33 ലക്ഷം രൂപ ഇതുവരെ നൽകാത്തതിൽ സമിതി ആശങ്ക രേഖപ്പെടുത്തുകയും ഈ തുക പലിശ സഹിതം മാർക്കറ്റ്ഫെഡിന് ഈ വർഷം തന്നെ കൊടുത്തുതീർക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്യുന്നു.

## സമിതിയുടെ നിഗമനങ്ങളും ശുപാർശകളും

ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ വകുപ്പുകൾ നൽകിയ ധനാഭ്യർത്ഥനകൾ പരിശോധിച്ച് സമിതി നടത്തിയ ശുപാർശകൾ പ്രകാരം സ്വീകരിച്ച നടപടികൾ പരിശോധിച്ചതിൽ നിന്നും ആവശ്യമായ അധികതുക അനുവദിച്ചിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആവശ്യമായ തുക അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത ശീർഷകങ്ങളിൽ അടുത്ത സാമ്പത്തിക വർഷം കൂടുതൽ തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ധനാഭ്യർത്ഥന നമ്പർ XXVII (സഹകരണം)-ന്റെ 1 മുതൽ 11 വരെ ശുപാർശകൾക്കും ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ)-ന്റെ ശുപാർശ നമ്പർ 12-നും ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം)-ന്റെ 14 മുതൽ 19 വരെയും 21 മുതൽ 24 വരെയും ശുപാർശകൾക്കും സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ ലഭിച്ചിട്ടില്ല.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം ഓരോ വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധനയെ സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശകളിന്മേൽ സർക്കാർ എടുത്ത നടപടിയുടെ റിപ്പോർട്ട് ഓരോ സബ്ജക്റ്റ് കമ്മിറ്റിയുടെയും അദ്ധ്യക്ഷൻ ആ സാമ്പത്തിക വർഷം അവസാനമോ സാമ്പത്തിക വർഷം അവസാനിച്ചതിനുശേഷം ഉടനെയുള്ള നിയമസഭാ സമ്മേളനത്തിലോ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും സർക്കാർ വകുപ്പ് നടപടി സ്റ്റേറ്റ്മെന്റ് കമ്മിറ്റിക്ക് നൽകാതിരിക്കുന്നപക്ഷം അതിന്റെ

കാരണം ബന്ധപ്പെട്ട മന്ത്രി റിപ്പോർട്ട് സമർപ്പിച്ച് പതിനഞ്ച് ദിവസത്തിനുള്ളിലോ അടുത്ത നിയമസഭാ സമ്മേളനത്തിന്റെ ആരംഭത്തിലോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്".

ആയതിനാൽ, 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ടിലെ ഇനിയും നടപടി സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ലാത്ത ശുപാർശകൾ സംബന്ധിച്ച്, അവ സമർപ്പിക്കാതിരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം ഉൾപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സഭയിൽ സമർപ്പിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

അനൂപ് ജേക്കബ്,

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി XI.*

തിരുവനന്തപുരം,
2012 ജൂലൈ 25.

1167/2012.